## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :722 29.05.2019-ൽ മറുപടിക്ക്

## സഹകരണ ബാങ്കുകളിലെ നീതി സ്റ്റോർ ജീവനക്കാർ

**ചോദ്യം**

**ശ്രീ.വി.പി.സജീന്ദ്രൻ**

**മറുപടി**

**ശ്രീ.കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സർക്കാർ ഉത്തരവ് പ്രകാരം സഹകരണ ബാങ്കുകളിലെ നീതി സ്റ്റോറുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്ത് വന്നിരുന്ന എത്ര സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; | (എ) | 98 സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സെയിൽസ്മാൻമാരെ ഏത് കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) | സബ്സ്റ്റാഫ് കാറ്റഗറിയിൽ. |
| (സി) | ഇവർക്ക് പ്രമോഷന് അർഹതയുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിലേക്ക് പ്രമോഷൻ നൽകാൻ കഴിയും; | (സി) | അർഹതയുണ്ട്. ഉപനിബന്ധനകൾക്ക് വിധേയമായി അറ്റൻഡർ/ക്ലർക്ക് തസ്തികകളിലേക്ക് പ്രൊമോഷൻ നൽകാൻ കഴിയുന്നതാണ്. |
| (ഡി) | സ്ഥിരപ്പെടുത്തിയവരുടെ, കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന കാലയളവ് സർവ്വീസായി പരിഗണിക്കുമോ; | (ഡി) | സർവ്വീസായി പരിഗണിക്കില്ല. |
| (ഇ) | സ്ഥിരപ്പെടുത്തുന്നതിനായി സർക്കാർ ഉത്തരവ് ഇറങ്ങിയ നാൾ മുതൽ സ്ഥിരപ്പെടുത്തിയ നാൾ വരെയുള്ള ഇവരുടെ സർവ്വീസ് കാലാവധി ശമ്പള ഫിക്സേഷന് പരിഗണിക്കാൻ കഴിയുമോ; വ്യക്തമാക്കുമോ? | (ഇ) | പരിഗണിക്കുവാൻ കഴിയുകയില്ല. |

**സെക്ഷൻ ഓഫീസർ**